## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2297

8.12.2015 ലെ മറുപടിക്ക്

### സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. പി. വിൻസന്റ്<br>ശ്രീ. പാലോട് രവി<br>ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>ശ്രീ. ടി. എൻ. പ്രതാപൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാരിന്റെ കാലത്ത് സഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ? | എ) സംസ്ഥാനത്തെ വായ്പാസഹകരണ മേഖലയിൽ ഓപ്പറേഷൻ കുബേര പദ്ധതിക്ക് അനുസൃതമായ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. |
| ബി) എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്, വിശദാംശങ്ങൾ എന്തെല്ലാം ; | ബി) കർഷകതൊഴിലാളികൾ, ദിവസക്കൂലിക്കാരായ തൊഴിലാളികൾ, ചെറുകിട കച്ചവടക്കാർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തികശേഷി ഇല്ലാത്ത വിധവകൾ, വികലാംഗർ തുടങ്ങി അടിസ്ഥാന വർഗ്ഗ വിഭാഗക്കാരെ കൊള്ളപ്പലിശക്കാരുടെ ചൂഷണങ്ങളിൽനിന്നും സംരക്ഷിക്കുന്നതിനും, സഹായിക്കുന്നതിനുമായി പരമാവധി 10,000 രൂപ വരെ വ്യക്തികൾക്ക് വായ്പ നൽകുന്നതിനുള്ള വായ്പാ പദ്ധതി സഹകരണ സംഘങ്ങൾ വഴി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും, സ്ഥിര വരുമാനമോ ഈടു നൽകാൻ ആസ്തിയില്ലാത്ത വരോ ആയവരും സാമ്പത്തിക ശേഷി ഇല്ലാത്തവരു മായ വിധവകൾ, വികലാംഗർ എന്നിവരെ കടക്കെണിയിൽപ്പെടാതെ സഹായിക്കുകയാണ് ഇത്തരം വായ്പാപദ്ധതികൾ മുഖേന ലക്ഷ്യമിട്ടത്. |

....... 2/

| | |
|---|---|
| സി) പദ്ധതിയുടെ നടത്തിപ്പിനായി ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | സി) ഈ പദ്ധതി പ്രകാരം ദുർബല വിഭാഗങ്ങൾക്കും തൊഴിലാളി കൾക്കും ചെറുകിട കച്ചവടക്കാർക്കും വായ്പകൾ സ്വന്തം ജാമ്യത്തിൽ നൽകുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5000 രൂപ വരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവും, 10,000 രൂപ വരെയുള്ള വായ്പകൾ ചീഫ് എക്സിക്യൂട്ടീവിന്റെ ശുപാർശ യിൽ പ്രസിഡന്റിനും അനുവദിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 5000 രൂപ വരെയുള്ള വായ്പകൾ പരമാവധി 2 ദിവസത്തിനകവും 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി 5 ദിവസ ത്തിനകവും അനുവദിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്. 10,000 രൂപ വരെയുള്ള വായ്പകൾ പരമാവധി ഒരു വർഷത്തിനകവും 5000 രൂപ വരെയുള്ള വായ്പകൾ പരമാവധി 100 ദിവസത്തിനകവും തിരികെ അടയ്ക്കുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളിലെ ബാങ്കുകളിലെ അംഗങ്ങൾക്കും ഇടപാടുകാരായ മറ്റ് പൊതുജന ങ്ങൾക്കും സഹകാരികൾക്കും വളരെ വേഗത്തിൽ സംഘങ്ങളുടെ/ബാങ്കുകളുടെ സേവനം ലഭ്യമാ ക്കുന്നതിനും വായ്പ ലഭ്യമാക്കുന്നതിനും ആവശ്യ മായ സ്ഥലങ്ങളിൽ സംഘങ്ങളുടെ/ബാങ്കുകളുടെ പ്രവർത്തനസമയം രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ ദീർഘിപ്പിക്കാനും ഞാറാഴ്ചകളിൽ രാവിലെ 8.00 മണി മുതൽ ഉച്ചയ്ക്ക് 2 മണി വരെ 'സൺഡേ ബാങ്കിംഗ്' നടത്തുന്നതിനും അനുമതി നൽകി നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ